**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1440** **08-12-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിപാടിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുകയുള്ള ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിപാടിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 5 കോടി, 3 കോടി, 1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലെ ചുവടെ ചേർക്കുന്ന സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത സ്കൂളുകളുടെ നിലിവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>**<u>5 കോടി കിഫ്ബി പദ്ധതി</u>**<br><br>ജി.എച്ച്.എസ്.എസ് കിഴക്കൻഞ്ചേരി സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി കൈമാറ്റം ചെയ്തിട്ടുണ്ട്.<br><br>**<u>3 കോടി കിഫ്ബി പദ്ധതി</u>**<br><br>3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ആലത്തൂർ ജി.ജി.എച്ച്.എസ്.എസിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി യായി കിലയെ ചുമതലപ്പെടുത്തിയിരുന്നു. ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു. പുതുക്കിയ ഡി.എസ്.ആർ/ജി.എസ്.റ്റി<br><br>നിരക്ക് പ്രകാരം 3.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി വരുത്തി നിർമ്മാണത്തിനുള്ള തുടർനടപടികൾ എസ്.പി.വി യായ കില സ്വീകരിച്ചു വരുന്നു.<br><br>**എരുമയൂർ ജി.എച്ച്.എസ്.എസിന്റെ നിർമ്മാണത്തിനുള്ള** എസ്.പി.വി യായി കിലയെ ചുമതലപ്പെടുത്തിയിരുന്നു. ഫീസിബിലിറ്റി സ്റ്റഡി നടത്തി ഡി പി ആർ തയ്യാറാക്കിയിരുന്നു. ചില ഭേദഗതികൾ ആവശ്യമായി വന്നിട്ടുണ്ട്. അതനുസരിച്ച് പുതുക്കിയ ഡി.പി.ആർ തയ്യാറാക്കി വരുന്നു. പുതുക്കിയ ഡി.എസ്.ആർ/ജി.എസ്.റ്റി നിരക്ക് പ്രകാരം 3.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>1 കോടി കിഫ്ബി പദ്ധതി</u>**<br><br>1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്. എസ് കുനിശ്ശേരി, ജി.എച്ച്. എസ് മുടപ്പല്ലൂർ എന്നീ സ്കൂളുകളുടെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടി പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിരുന്നു. എന്നാൽ കരാർ റദ്ദാക്കേണ്ട സാഹചര്യമുണ്ടായി. തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി പുതിയ നിരക്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>തേൻകുറിശ്ശി ജി.എച്ച്.എസ്.എസിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 97% ത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>പുതിയങ്കം ജി.യു.പി.എസിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 75% ന് മുകളിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (ബി) | അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും; പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ? | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിപാടിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 5 കോടി, 3 കോടി, 1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലെ ചുവടെ ചേർക്കുന്ന സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത സ്കൂളുകളുടെ നിലിവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>**<u>5 കോടി കിഫ്ബി പദ്ധതി</u>**<br><br>ജി.എച്ച്.എസ്.എസ് കിഴക്കൻഞ്ചേരി സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി കൈമാറ്റം ചെയ്തിട്ടുണ്ട്.<br><br>**<u>3 കോടി കിഫ്ബി പദ്ധതി</u>**<br><br>3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ആലത്തൂർ ജി.ജി.എച്ച്.എസ്.എസിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി യായി കിലയെ ചുമതലപ്പെടുത്തിയിരുന്നു. ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു. പുതുക്കിയ ഡി.എസ്.ആർ/ജി.എസ്.റ്റി<br><br>നിരക്ക് പ്രകാരം 3.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി വരുത്തി നിർമ്മാണത്തിനുള്ള തുടർനടപടികൾ എസ്.പി.വി യായ കില സ്വീകരിച്ചു വരുന്നു.<br><br>**എരുമയൂർ ജി.എച്ച്.എസ്.എസിന്റെ നിർമ്മാണത്തിനുള്ള** എസ്.പി.വി യായി കിലയെ ചുമതലപ്പെടുത്തിയിരുന്നു. ഫീസിബിലിറ്റി സ്റ്റഡി നടത്തി ഡി പി ആർ തയ്യാറാക്കിയിരുന്നു. ചില |

| | | | |
|---|---|---|---|
| | | | ഭേദഗതികൾ ആവശ്യമായി വന്നിട്ടുണ്ട്. അതനുസരിച്ച് പുതുക്കിയ ഡി.പി.ആർ തയ്യാറാക്കി വരുന്നു. പുതുക്കിയ ഡി.എസ്.ആർ/ജി.എസ്.റ്റി നിരക്ക് പ്രകാരം 3.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**<u>1 കോടി കിഫ്ബി പദ്ധതി</u>**<br><br>1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്. എസ് കുനിശ്ശേരി, ജി.എച്ച്. എസ് മുടപ്പല്ലൂർ എന്നീ സ്കൂളുകളുടെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടി പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിരുന്നു. എന്നാൽ കരാർ റദ്ദാക്കേണ്ട സാഹചര്യമുണ്ടായി. തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി പുതിയ നിരക്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>തേൻകുറിശ്ശി ജി.എച്ച്.എസ്.എസിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 97% ത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>പുതിയങ്കം ജി.യു.പി.എസിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 75% ന് മുകളിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ